വാർത്തകൾ ചുരുക്കത്തിൽ

സ്വകാര്യ ബസ് പണിമുടക്ക് പിൻവലിച്ചു

തിരുവനന്തപുരം: നഗരത്തിലെ സ്വകാര്യ ബസ് തൊഴിലാളികൾ ഇന്ന് അർദ്ധരാത്രി മുതൽ നടത്താനിരുന്ന പണിമുടക്ക് പിൻവലിച്ചു.ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ബസ് ഉടമകളും ട്രേഡ് യൂണിയൻ നേതാക്കളും തമ്മിൽ നടന്ന ചർച്ചയിൽ ബോണസ് പ്രശ്നം ഒത്തുതീർന്നതോടെയാണ് പണിമുടക്ക് പിൻവലിച്ചത്. ധാരണ പ്രകാരം തൊഴിലാളികൾക്ക് 17.5 ശതമാനം ബോണസ് ലഭിക്കും.

മാണിയുടെ പ്രസംഗം തെറ്റിദ്ധാരണ പരത്തും

തിരുവനന്തപുരം: പിന്നാക്ക ക്ഷേമവകുപ്പ് സംബന്ധിച്ച് ധനകാര്യ വകുപ്പ് മന്ത്രി കെ.എം. മാണി കണിച്ചുകുളങ്ങരയിൽ നടത്തിയ പ്രസംഗം തെറ്റിദ്ധാരണാജനകവും പ്രതിഷേധാർഹവുമാണെന്ന് ശ്രീനാരായണ മൂവ്മെന്റ് സംസ്ഥാന കൗൺസിൽ ആരോപിച്ചു. മാണിയുടെ പ്രസ്താവന ഇരുട്ടുകൊണ്ടുള്ള ഓട്ടയടയ്ക്കലാണെന്നും മന്ത്രിസഭാ തീരുമാനം എക്സിക്യൂട്ടീവ് ഓർഡറിലൂടെ നടപ്പാക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. കൗൺസിൽ പ്രസിഡന്റ് എസ്. സുവർണകുമാർ അദ്ധ്യക്ഷത വഹിച്ചു. കുറിച്ചി സദൻ, പി.ജി. കമലാസനൻ, മോഹൻ പരപ്പാടി, രാമപുരം വി.കെ. ശിവാനന്ദൻ എന്നിവർ സംസാരിച്ചു.

ജൈവ ഉത്പന്ന പ്രദർശനവും വില്പനയും

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര ഇന്റഗ്രൽ ഡെവലപ്മെന്റ് സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിൽ പ്രവർത്തിക്കുന്ന 147 ഗ്രാമതല കർഷക ക്ലബുകൾ, 42 കുട്ടികളുടെ കർഷക ക്ലബുകൾ എന്നിവയിലെ കർഷകരും ബാലകർഷകരും അവരവരുടെ വീട്ടുവളപ്പുകളിൽ ജൈവ കൃഷിയിലൂടെ ഉത്പാദിപ്പിച്ച ഭക്ഷ്യ ഉത്പന്നങ്ങളുടെ വില്പന മേള 101 സ്ഥലങ്ങളിൽ നടക്കുന്നു. ഇതിൽ 45 സ്ഥലങ്ങളിൽ പൊന്നോണത്തിന്റെ തനിമ നിലനിറുത്തി വിവിധ പരിപാടികളോടെ ഗ്രാമോത്സവമായിട്ടാണ് മേള നടത്തുന്നത്. വില്പന മേളയും ഗ്രാമോത്സവവും നാളെ മുതൽ 8-ാം തീയതി വരെ നടക്കും. അതത് സ്ഥലത്തെ ജനപ്രതിനിധികൾ പരിപാടികൾ ഉദ്ഘാടനം ചെയ്യുമെന്ന് നിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ എൻ.ടി. ജോർജ് അറിയിച്ചു.

ക്ഷീര സംഗമം

നെയ്യാറ്റിൻകര: ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ക്ഷീര സംഗമം സംഘടിപ്പിച്ചു. മന്ത്രി കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്തു. കന്നുകാലി ക്ലിനിക്കിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീതാ പ്രഫുല്ലചന്ദ്രൻ നിർവഹിച്ചു. ക്ഷീര വികസന സെമിനാറിന്റെയും മുഖാമുഖം പരിപാടിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി.പി.നായരും ക്ഷീരവർദ്ധനി കാലിത്തീറ്റ പദ്ധതിയുടെ ഉദ്ഘാടനം ജമീലാപ്രകാശം എം.എൽ.എയും നിർവഹിച്ചു. മുതിർന്ന കർഷകരെ ആർ. സെൽവരാജ് എം.എൽ.എ ആദരിച്ചു. യുവസംരംഭകനുള്ള ധനസഹായം നഗരസഭാ ചെയർമാൻ എസ്.എസ്.ജയകുമാർ വിതരണം ചെയ്തു. ഏറ്റവും നല്ല തീറ്റപ്പുൽ കർഷകനുള്ള സമ്മാനം ക്ഷീര വികസന വകുപ്പ് ഡയറക്ടർ കെ.ടി.സരോജൻ വിതരണം ചെയ്തു. കൂടുതൽ പാൽ സംഭരിച്ച കർഷകനുള്ള സമ്മാനം ടി.ആർ.സി.എം.പി.യു ചെയർമാൻ കല്ലടരമേശ് വിതരണം ചെയ്തു. റൂഫസ്ഡാനിയേൽ, വി.രാജേന്ദ്രൻ, സി.എസ്.ലെനിൻ, എ.പി.ശശികുമാർ, കെ.പി.ശശിധരൻനായർ, ഡി.ഷൈലജ, ദേവരാജ്കുമാർ, ബൈജു.കെ.അലക്സ്, ജി.എസ്.പ്രശാന്ത് എന്നിവർ പ്രസംഗിച്ചു.

വ്യാജമദ്യം പിടികൂടി

നെയ്യാറ്റിൻകര: അനധികൃതമായി വിദേശ മദ്യം കടത്തികൊണ്ടുവന്നതിനും, ചാരായ വില്പന, വ്യാജമദ്യ കച്ചവടം എന്നിവ നടത്തിയതിനുമെതിരെ നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ പരിധിയിൽ 25 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തു. 18 പേർ അറസ്റ്റിലായി. ഈ കേസുകളിലായി 91.99 ലിറ്റർ വിദേശമദ്യം, 6.25 ലിറ്റർ ചാരായം, 555.75 ലിറ്റർ അരിഷ്ടം, 180 ലിറ്റർ കോട, 7.8 ലിറ്റർ ബിയർ, വിദേശമദ്യം കടത്താനുപയോഗിച്ച ഒരു വാഹനം എന്നിവ പിടിച്ചെടുത്തു. ഓണക്കാലത്ത് വ്യാജമദ്യത്തിന്റെ ഉത്പാദനം, സ്പരിറ്റ് കടത്ത് എന്നിവയും വ്യാജ അരിഷ്ടക്കച്ചവടവും കർശനമായി തടയുന്നതിന് നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിനു പുറമേ ബോർഡർ പട്രോളിംഗ് യൂണിറ്റും തുടങ്ങി. വ്യാജമദ്യ വില്പനയെക്കുറിച്ചുള്ള പരാതികൾ പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കവുന്നതാണ്. എക്സൈസ് സർക്കിൾ ഓഫീസ് നെയ്യാറ്റിൻകര-2222380, എക്സൈസ് റേഞ്ച് ഓഫീസ് നെയ്യാറ്റിൻകര-2227338, എക്സൈസ് റേഞ്ച് ഓഫീസ് തിരുപുറം-2261407, എക്സൈസ് റേഞ്ച് ഓഫീസ് കാട്ടാക്കട-2292443, എക്സൈസ് റേഞ്ച് ഓഫീസ് അമരവിള-2230279.

ഗണേശ പൂജ

നെയ്യാറ്റിൻകര: ശിവസേനയുടെയും ഗണേശോത്സവ ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിൽ ഗണേശോത്സവത്തിന് മുന്നോടിയായുള്ള ഗണേശപൂജ നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രനടയിൽ തുടങ്ങി. മണ്ഡലം ചെയർമാൻ ശബരിനാഥ് രാധാകൃഷ്ണൻ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. അഡ്വ. ഇരുമ്പിൽ വിജയൻ, മഞ്ചന്തല സുരേഷ്, മണ്ഡലം ഓർഗനൈസർ ആറാലുംമൂട് ജിനു, ബാലരാമപുരം മണിക്കുട്ടൻ, ശ്യാംകുമാർ, സന്തോഷ്കുമാർ എന്നിവർ പങ്കെടുത്തു. 10ന് ഉച്ചയ്ക്ക് 2ന് ശ്രീകൃഷ്ണസ്വാമി ക്ഷേത്രനടയിൽ നിന്ന് ആരംഭിക്കുന്ന ഘോഷയാത്ര ശംഖുംമുഖം ആറാട്ടുകടവിൽ സമാപിക്കും

പൂർവ വിദ്യാർത്ഥി യോഗം

നെയ്യാറ്റിൻകര : ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിൽ 1979-83 കാലയളവിൽ പഠിച്ചിരുന്ന പൂർവ വിദ്യാർത്ഥികളുടെ യോഗം നാളെ വൈകുന്നേരം 5ന് നെയ്യാറ്റിൻകര അതുല്യയിൽ ചേരുമെന്ന് കോ-ഓർഡിനേറ്റർ തിരുപുറം ബാലമുരളി അറിയിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പ്

പാറശാല: പാറശാല റോട്ടറി ക്ളബിന്റെയും സരസ്വതി ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ നാളെ ഉച്ചയ്ക്ക് 2.30ന് സരസ്വതി ആശുപത്രിയിൽ സൗജന്യ ഹെർണിയ, പൈൽസ് രോഗനിർണയ ക്യാമ്പ് നടക്കും. പാറശാല റോട്ടറി ക്ളബ് മുൻ പ്രസിഡന്റ് കെ. മാധവൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

ശ്രീനാരായണീയം

കാട്ടാക്കട ശാഖാ വാർഷികം

കാട്ടാക്കട: എസ്.എൻ.ഡി.പി യോഗം കാട്ടാക്കട ശാഖ രൂപികൃതമായതിന്റെ എഴുപത്തിയഞ്ചാം വാർഷികം വിവിധ പരിപാടികളോടെ നടത്താൻ ശാഖാ കമ്മിറ്റി തീരുമാനിച്ചു. ശ്രീനാരായണ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, ദിവ്യപ്രബോധനം, ശ്രീനാരായണ ദർശന പഠന ക്യാമ്പ്, സമൂഹ പ്രാർത്ഥന, വനിതസംഗമം, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികൾക്ക് രൂപം നൽകി. സ്വാഗതസംഘം രൂപികരിക്കാനും തീരുമാനിച്ചു. ശാഖാ പ്രസിഡന്റ് പി.മോഹൻദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം എസ്.എൻ.ഡി.പി യോഗം ഡയറക്ടർ എം.എസ് അജയകുമാർ ഉദ്ഘാടനം ചെയ്തു. മുൻ പ്രസിഡന്റ് ബിജു പ്രഭാകർ, യൂണിയൻ കമ്മിറ്റി അംഗം എസ്.അജയകുമാർ, ശാഖ വൈസ് പ്രസിഡന്റ് വി.ആർ പ്രസാദ്, കമ്മിറ്റി അംഗം വി.സുശീലൻ, വിക്രമൻ, രഘു, അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

ബാലരാമപുരം ശാഖ

ബാലരാമപുരം : എസ്.എൻ.ഡി.പി യോഗം ബാലരാമപുരം ശാഖയുടെ ആഭിമുഖ്യത്തിൽ ചതയദിനാഘോഷവും പുതുതായി പണികഴിപ്പിച്ച ഐത്തിയൂർ ശ്രീനാരായണ സാംസ്കാരിക നിലയത്തിന്റെ മന്ദിരപ്രവേശനകർമ്മവും സെപ്തംബർ 11ന് നടക്കും. രാവിലെ 5-ന് ഗണപതി ഹവനം, തുടർന്ന് 7ന് ശാഖാ പ്രസിഡന്റ് പതാക ഉയർത്തും. തുടർന്ന് മന്ദിര പ്രവേശനം. 10ന് നടക്കുന്ന ചതയദിന സമ്മേളനം നേമം യൂണിയൻ പ്രസിഡന്റ് സുപ്രിയാ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. ശാഖാ പ്രസിഡന്റ് കെ. എസ്. ഹരീന്ദ്രനാഥ് അദ്ധ്യക്ഷനായിരിക്കും. ശാഖാ സെക്രട്ടറി ഷൈൻ സ്വാഗതം പറയും.

ചികിത്സാസഹായവും വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനവും നേമം യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ നിർവഹിക്കും. യൂണിയൻ വൈസ് പ്രസിഡന്റ് ഊരൂട്ടമ്പലം ജയചന്ദ്രൻ ചതയദിന സന്ദേശം നൽകും. ജീവിതം എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് എം.ഡി സി. അർജുനൻ 101 പേർക്ക് ഓണ സമ്മാനങ്ങൾ നൽകും. ശാഖാതിർത്തിയിൽപ്പെട്ട 25 പേർക്ക് ഓണക്കോടിയും 20 പേർക്ക് ബാഗും 10 പേർക്ക് ഗോൾഡൻ വാച്ചും സ്പോൺസർകൂടിയായ സുപ്രിയാ സുരേന്ദ്രൻ നൽകും. 15 പേർക്ക് മംഗലത്തുകോണം ലംബോധരൻ സ്പോൺസർ ചെയ്ത മുണ്ടുകൾ വിതരണം ചെയ്യും.

ടൂറിസം മന്ത്രി വരുന്നോ, പൂവാർ പൊഴിക്കരയിലേക്ക്...

അനിൽ സാഗർ

നെയ്യാറ്റിൻകര: വിനോദസഞ്ചാരികൾ ഏറെയെത്തുന്ന പൂവാറിലെ നദിയും കടലും സംഗമിക്കുന്ന മനോഹര തീരമായ പൊഴിക്കരയിലെ സർക്കാർ വക കെട്ടിടങ്ങൾ നോക്കുകുത്തിയാകുന്നു. ചീറിപ്പായുന്ന ബോട്ടുസവാരിയും വെയിൽ മങ്ങിയ സായാഹ്നങ്ങളിൽ പൂഴി മണൽ പരപ്പിലെ വിശ്രമവുമെല്ലാം അന്തർദ്ദേശീയ ആഭ്യന്തര ടൂറിസ്റ്റുകളടക്കമുള്ളവർക്ക് ഹൃദ്യത പകരുന്നെങ്കിലും തീർത്ത് നിർമ്മിച്ചിരുന്ന കരിങ്കൽ നിർമ്മിതമായ രണ്ടു കെട്ടിടങ്ങൾ എന്തിനെന്നുള്ള ചോദ്യം സഞ്ചാരികളെ ഒട്ടൊന്നുമല്ല അലട്ടുന്നത്.

കാൽനൂറ്റാണ്ടു മുൻപ് മുൻ സ്പോർട്സ് യുവജനകാര്യ മന്ത്രി നീലലോഹിതദാസിന്റെ ഭരണകാലത്താണ് രണ്ട് കരിങ്കൽ നിർമ്മിത മന്ദിരങ്ങൾ നിർമ്മിച്ചത്. ആയുധ വിദ്യകൾ പഠിക്കാനും പരിശീലിപ്പിക്കാനുമായി നിർമ്മിച്ചവയാണ് ഈ കെട്ടിടങ്ങൾ. ലക്ഷങ്ങൾ ചെലവാക്കിയാണ് ഇവ നിർമ്മിച്ചത്. ശാന്ത സുന്ദരമായ അന്തരീക്ഷമായതിനാൽ ആയുധ വിദ്യകൾ അഭ്യസിക്കുന്നതിന് ഗുണകരമാവുമെന്നതാണ് ഈ പ്രദേശം തിരഞ്ഞെടുക്കാൻ കാരണമത്രേ. എന്നാൽ കെട്ടിട നിർമ്മാണം നടന്നതല്ലാതെ തുടർന്നുള്ള ഒരു പ്രവർത്തനവും നടന്നില്ല.

ആയോധനാകേന്ദ്ര പദ്ധതി ഒഴിവാക്കി ടൂറിസം വികസനത്തിന്റെ ഭാഗമായി റസ്റ്റോറന്റും, പാർക്കും, വിശ്രമ കേന്ദ്രവും ഈ കെട്ടിടങ്ങൾക്കനുബന്ധമായി സ്ഥാപിക്കുമെന്ന് അധികൃതർ അറിയിച്ചിരുന്നുവെങ്കിലും അതും നടപ്പിലായില്ല.

ടൂറിസ്റ്റുകൾ നിരവധിയെത്തുന്നതിനാൽ റസ്റ്റോറന്റും പാർക്കും ഏറെ ഗുണകരമാവുമെന്ന അഭിപ്രായമാണ് വിദഗ്ദ്ധർക്കുള്ളത്. എന്നാൽ ഈ നിർദ്ദേശവും ബന്ധപ്പെട്ടവർ ചെവിക്കൊണ്ടില്ല.

ഉപയോഗിക്കാതെയായ കെട്ടിടങ്ങൾ ഇപ്പോൾ സാമൂഹ്യ വിരുദ്ധൻമാർ കൈയടക്കിയിരിക്കുകയാണ്. പൊലീസ് തിരിഞ്ഞു നോക്കാത്തതിനാൽ മിക്ക സമയങ്ങളിലും ഇവിടെ മദ്യപൻമാർ കേന്ദ്രീകരിക്കുകയാണ് പതിവ്. അനാശാസ്യ പ്രവർത്തനങ്ങളും നടക്കാറുണ്ടത്രെ. ലക്ഷങ്ങൾ ചെലവാക്കി നിർമ്മിച്ച കെട്ടിടങ്ങളെ അടിയന്തരമായി നവീകരിച്ച് ഉപയോഗ പ്രദമാക്കണമെന്നാണ് പൂവാർ പഞ്ചായത്ത് നിവാസികളുടെ ആവശ്യം.

പൂവാർ പൊഴിക്കര തീരത്തെ കണ്ടൽ കാടിനോട് ചേർന്ന് ആയോധനാ പരിശീലന കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടം

ബിഷപ്പ് എ. ധർമ്മരാജ് റസാലത്തിന് കാഞ്ഞിരംകുളത്ത് പൗരസ്വീകരണം

തിരുവനന്തപുരം: കാഞ്ഞിരംകുളം പൗരാവലിയുടെയും ഐക്യ കൺവെൻഷൻ കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ സി.എസ്.ഐ ദക്ഷിണ കേരള മഹായിടവക ബിഷപ്പ് റൈറ്റ് റവ. എ. ധർമ്മരാജ് റസാലത്തിന് സെപ്തംബർ 4ന് വൈകിട്ട് 6ന് കാഞ്ഞിരംകുളം ടൗൺ സി.എസ്.ഐ ചർച്ച് ഗ്രൗണ്ടിൽ പൗരസ്വീകരണം നൽകും.

സമ്മേളനത്തിൽ നെയ്യാറ്റിൻകര രൂപത ബിഷപ്പ് റവ. ഡോ. വിൻസന്റ് ശാമുവേൽ അദ്ധ്യക്ഷത വഹിക്കും. നിയമസഭ ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തൻ ഉദ്ഘാടനം ചെയ്യും. ശശി തരൂർ എം.പി, മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ, ആർ. സെൽവരാജ് എം.എൽ.എ എന്നിവർ പ്രസംഗിക്കും.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റൂഫസ് ഡാനിയേൽ, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. വൽസലം, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരസി കുട്ടപ്പൻ, ജില്ലാ കൗൺസിൽ മെമ്പർ സി. എസ്. ലെനിൻ, ബ്ളോക്ക് പഞ്ചായത്ത് മെമ്പർ രവി, സി. എസ്. ഐ സിനഡ് ട്രഷറർ ഡോ. ബെനറ്റ് എബ്രഹാം, മഹായിടവക സെക്രട്ടറി ഡി. ലോറൻസ്, ഫാ. ജെയിംസ് മാമൂട്ടിൽ, റവ. ഡോ. ഡേവിഡ്, റവ. സാം ജി ജോസഫ്, ഫാ. എ.ജി. ജോർജ്, റവ. വൈ. സുകുമാരൻ, മേജർ ശാമുവേൽ, റവ. ബി.വി. ജയകുമാർ, റവ. മോഹൻദാസ്, ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി ജെ. ആർ. സ്റ്റാലിൻ, കെ.കെ. വിജയൻ, ഗ്രാമപഞ്ചായത്ത് മെമ്പർ സി. വിൽഫ്രഡ്, അഖില എന്നിവർ പ്രസംഗിക്കും.

വനാതിർത്തിയിൽ കാട്ടാന ശല്യം പ്രതിരോധ സംവിധാനമില്ല

വിതുര: വനാതിർത്തിയിൽ കാട്ടാന ശല്യം രൂക്ഷമായതായി പരാതി. നിറുത്താതെയുള്ള പെരുമഴകാരണമാണ് കാട്ടാനക്കൂട്ടങ്ങൾ കാടിറങ്ങി എത്തുന്നത്.

മരുതാമല പ്രദേശത്താണ് കാട്ടാനയിറങ്ങിയത്. കൂട്ടത്തോടെയെത്തുന്ന കാട്ടാനകൾ നിരന്തരമായ ശല്യം വിതച്ചിട്ടാണ് കാടുകയറുന്നത്.

വനാതിർത്തി പ്രദേശങ്ങളായ മൊട്ടമൂട്, മണിതൂക്കി മണലി, മക്കി പ്രദേശങ്ങളിലും കാട്ടാനകൾ നിരന്തരമായി നാശം വിതയ്ക്കാറുണ്ട്.

വേനൽ കടുക്കുമ്പോഴും പെരുമഴ തുടരുമ്പോഴുമാണ് കാട്ടാനകൾ കാടിറങ്ങാറുള്ളത്. മാസങ്ങൾക്ക് മുമ്പ് അടിപറമ്പ് സ്വദേശി ഡെന്നിസൻ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികളെയും കാട്ടാന മുമ്പ് ഓടിച്ചിരുന്നു.

കാടിനുള്ളിൽ വാറ്റിലേർപ്പെട്ടിരിക്കുന്നവരുടെ ശല്യം കാരണവും കാട്ടാനകൾ പുറത്തേക്കിറങ്ങാറുണ്ട്.

കാട്ടാന ശല്യം ഒഴിവാക്കാൻ ആനക്കിടങ്ങ് സ്ഥാപിക്കുമെന്നും വൈദ്യുതിവേലി നിർമ്മിക്കുമെന്നുമുള്ള വാഗ്ദ്ധാനങ്ങൾ പാഴായതായി നാട്ടുകാർ പറയുന്നു.

വന്യമൃഗശല്യം ഒഴിവാക്കാൻ വേണ്ട നടപടികളെടുക്കാൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധത്തിലാണ് ആദിവാസികൾ.

കെ.എസ്.ആർ.ടി.ഇ.എ സൗത്ത് ജില്ലാ സമ്മേളനം

തിരുവനന്തപുരം: കെ.എസ്.ആർ.ടി എംപ്ളോയീസ് അസോസിയേഷൻ തിരുവനന്തപുരം സൗത്ത് ജില്ലാ സമ്മേളനം ഇന്ന് പാറശ്ശാല സ്വാതി കല്യാണമണ്ഡപത്തിൽ നടക്കും. രാവിലെ 9.30ന് നടക്കുന്ന പ്രതിനിധി സമ്മേളനം അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് കെ. കെ. ദിവാകരൻ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് ജി. വിശ്വകുമാർ അദ്ധ്യക്ഷനായിരിക്കും. ടി. കെ. രാജൻ, സുശീലൻ എന്നിവർ റിപ്പോർട്ട് അവതരിപ്പിക്കും. ആനാവൂർ നാഗപ്പൻ, ആർ. സെൽവരാജ് എം.എൽ.എ, വട്ടവിള തങ്കയ്യൻ തുടങ്ങിയവർ സംസാരിക്കും. ഉച്ചയ്ക്ക് 2ന് വാസുദേവ പുരസ്കാര ജേതാവ് വിഷ്ണുശിവൻ നയിക്കുന്ന കലാപരിപാടി.

തിരു. — കോട്ടൂർ വഴി തിരുനെൽവേലിക്ക് റോഡ് വേണം

തിരുവനന്തപുരം: തിരുവനന്തപുരത്തുനിന്ന് തിരുനെൽവേലിക്കു പോകാൻ കാട്ടാക്കട, കോട്ടൂർ, അംബാസമുദ്രം വഴി പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്ന റോഡ് പുനർനിർമ്മിക്കുകയാണെങ്കിൽ, തിരുവനന്തപുരത്തുനിന്ന് തിരുനെൽവേലിയിലേക്കുള്ള ദൂരം പകുതിയായി കുറയുമെന്നും അതിനാൽ തിരുവനന്തപുരം-കാട്ടാക്കട-കോട്ടൂർ- അംബാസമുദ്രം-തിരുനെൽവേലി റോഡിന്റെ പുനർനിർമ്മാണത്തിന് അടിയന്തരമായ നടപടികൾ കൈക്കൊള്ളണമെന്നും ശൈവപ്രകാശസഭ പ്രസിഡന്റ് കെ. രവീന്ദ്രൻ ആവശ്യപ്പെട്ടു.

ഗസ്റ്റ് ലക്ചറർ ഒഴിവ്

നെടുമങ്ങാട്: നെടുമങ്ങാട് സർക്കാർ കോളേജിൽ ഇക്കണോമിക്സ് ഗസ്റ്റ് ലക്ചററുടെ ഒഴിവുണ്ട്. വിഷയത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. നെറ്റ്, പിഎച്ച്.ഡി, എം.ഫിൽ, കോളേജുകളിലെ അദ്ധ്യാപന പരിചയം എന്നിവയാണ് യോഗ്യതകൾ. മണിക്കൂറിൽ 200 രൂപ നിരക്കിൽ പരമാവധി 10,000 രൂപ പ്രതിമാസ പ്രതിഫലം. താൽപര്യമുള്ളവർ 6നു രാവിലെ 11ന് യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം കോളേജിൽ ഇന്റർവ്യൂവിന് ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

ചിത്രരചനാ മത്സരം

ഉഴമലയ്ക്കൽ: പരുത്തിക്കുഴി സ്വരവീണ കലാകായിക സാംസ്കാരിക സമിതിയുടെ 10 -ാമതു വാർഷികത്തോടനുബന്ധിച്ച് സ്വരവീണയും കേരളകൗമുദി റീഡേഴ്സ് ക്ളബും സംയുക്തമായി സംഘടിപ്പിക്കുന്ന ജില്ലാ തല ചിത്രരചനാ മത്സരം ഇന്ന് നടക്കും. ഉച്ചയ്ക്ക് 2ന് ചക്രപാണിപുരം ജി.പി.എം കോളേജിലാണ് മത്സരം നടക്കുന്നത്. എൽ.പി, യു.പി വിഭാഗങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള മത്സരത്തിൽ വിജയികളാവുന്നവർക്ക് സ്വരവീണയുടെ വാർഷികാഘോഷ വേദിയിൽ ട്രോഫി വിതരണം ചെയ്യും.

നായ്ശല്യം

പള്ളിവെട്ട: പള്ളിവെട്ട വാർഡിലെ മിക്ക പ്രദേശങ്ങളിലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ വഴിയാത്രക്കാർക്കു ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി പരാതി. കഴിഞ്ഞ ആഴ്ചയിൽ വീടുകളിൽ കെട്ടിയിരുന്ന മൂന്ന് ആടുകളെ കടിച്ചുകൊന്നു.

സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം

കാട്ടാക്കട: ജനശ്രീ സുസ്ഥിര വികസന മിഷൻ കുറ്റിച്ചൽ മണ്ഡലം സഭയുടെ ആഭിമുഖ്യത്തിൽ സൗജന്യ ഭക്ഷ്യക്കിറ്റ്-ഓണക്കോടി വിതരണം തിങ്കളാഴ്ച വൈകിട്ട് 3ന് കുറ്റിച്ചൽ ജംഗ്ഷനിൽ നടക്കും. മണ്ഡലം ചെയർമാൻ കെ.പി.മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം ഉദ്ഘാടനവും ഭക്ഷ്യക്കിറ്റ് വിതരണവും എൻ.എസ്.യു ദേശീയ ജനറൽ സെക്രട്ടറി ചാണ്ടി ഉമ്മൻ ഉദ്ഘാടനം ചെയ്യും. ജില്ലാ ചെയർമാൻ സോളമൻ അലക്സ് ഓണക്കോടി വിതരണവും അഡ്വ. വിതുര ശശി ചികിത്സാസഹായ വിതരണവും നിർവഹിക്കും. എൻ.രഞ്ചകുമാർ, വെള്ളനാട് ശശി, സി.ആർ. ഉദയകുമാർ വി.എച്ച്. വാഹിദ, എം.ആർ. ബൈജു, കുറ്റിച്ചൽ മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. വേലപ്പൻ, പി.എസ്. പ്രശാന്ത് തുടങ്ങിയവർ സംസാരിക്കും.

പൂർവവിദ്യാർത്ഥി യോഗം

കാട്ടാക്കട: വെള്ളനാട് പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ 5ന് വൈകിട്ട് 3ന് വെള്ളനാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പൂർവ അദ്ധ്യാപക-വിദ്യാർത്ഥികളുടെ സ്നേഹ വിരുന്ന് സംഘടിപ്പിക്കും. 1990-ന് മുമ്പ് വരെ വെള്ളനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പഠിച്ചിരുന്ന എല്ലാ പൂർവ വിദ്യാർത്ഥികളും പങ്കെടുക്കണം.

ഓണം കാണാൻ മഴയും എത്തിയത് വിനയായി

വിതുര: മലയോര മേഖലയിൽ രണ്ടു ദിവസമായി ഇടമുറിയാതെ പെയ്യുന്ന പെരുമഴ തോട്ടം- നിർമ്മാണ മേഖലയിലെ തൊഴിലാളികളെ ബുദ്ധിമുട്ടിലാക്കുന്നു. ഓണത്തിന് ദിവസങ്ങൾ മാത്രം ശേഷിക്കേ തൊഴിൽമേഖല സ്തംഭിച്ചത് ഓണാഘോഷത്തിന്റെ പൊലിമയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കയാണ്. സാധാരണയായി ചിങ്ങം പിറക്കുന്നതോടെ ഉണ്ടാകുന്ന പൊൻവെയിൽ തൊഴിലാളികൾക്കൊപ്പം വീട്ടമ്മമാർക്കും അനുഗ്രഹമായിരുന്നു.

പലവ്യഞ്ജനങ്ങൾ കഴുകിയുണക്കിയെടുത്ത് പൊടിക്കുന്നതിനും വീടിന് ചുറ്റുമുള്ള കാടും പടർപ്പും ചെത്തി വൃത്തിയാക്കുന്നതിനും ഓണത്തിന്റെ സവിശേഷ കാലാവസ്ഥ സഹായകമാകുമായിരുന്നു. ഓണത്തിന് മുമ്പേയുള്ള തൊഴിൽ ദിനങ്ങൾ പൂർണമായി പണി ചെയ്തു കിട്ടുന്ന വരുമാനവും ഓണാഘോഷത്തിന്റെ പ്രസരിപ്പ് കൂട്ടുന്നതായിരുന്നു. എന്നാൽ, തുടർച്ചയായി പെയ്യുന്ന പെരുമഴ ഓണച്ചമയത്തിന് പകിട്ടു കുറച്ചിരിക്കുകയാണ്.

തോട്ടം തൊഴിലാളികൾ മാത്രമല്ല, തോട്ടം ഉടമകളും ബുദ്ധിമുട്ടിലായിരിക്കുകയാണ്. തൊഴിലാളികൾക്കുള്ള ശമ്പളവും ബോണസുമടക്കം നൽകുന്നതിന് വേറെ തുക കണ്ടത്തേണ്ട അവസ്ഥയിലാണ്. നിർമ്മാണ മേഖലയിലെയും സ്ഥിതി വ്യത്യസ്തമല്ല.

മലയാളം സമിതിയുടെ പാട്ടുപെട്ടി

നെടുമങ്ങാട്: മലയാളം സമിതി പ്രതിമാസ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന 'പാട്ടുപെട്ടി' എന്ന സംഗീതപരിപാടി 5നു നെടുമങ്ങാട് ടൗൺ എൽ.പി.എസിൽ നടക്കും. രാവിലെ 10 മുതൽ 1 വരെ മലയാളം ചലച്ചിത്ര ഗാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കുട്ടികളുടെ അന്താക്ഷരി, ഉച്ചയ്ക്ക് രണ്ടു മുതൽ കൈരളി ഗന്ധർവ സംഗീത പ്രതിഭ റാണാഭവൻ നയിക്കുന്ന സിനിമ-നാടക-ലളിത ഗാനങ്ങളുടെ ആലാപനം.

ആര്യനാട് ഐ.ടി.ഐയിൽ മന്ദിരോദ്ഘാടനം

നെടുമങ്ങാട്: ആര്യനാട് ഗവ. ഐ.ടി.ഐയിൽ ലോകബാങ്ക് പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ മികവിന്റെ കേന്ദ്രം (സി.ഒ.ഇ) മന്ദിരത്തിന്റെ ഉദ്ഘാടനം 5-ാം തീയതി രാവിലെ 10ന് തൊഴിൽ വകുപ്പു മന്ത്രി ഷിബു ബേബിജോണിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ നിർവഹിക്കും. അഡ്വ. എ സമ്പത്ത് എം.പി മുഖ്യാതിഥിയാവും. ചടങ്ങിൽ ജില്ലാ-ബ്ളോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും വകുപ്പ് പ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സംബന്ധിക്കുമെന്ന് പ്രിൻസിപ്പൽ ജി. സുഭാഷ് അറിയിച്ചു.

കട കുത്തിതുറന്ന് മോഷണം

കാട്ടാക്കട: പൂവച്ചൽ, മുളമൂട്ട് പലവ്യഞ്ജന കട കുത്തിതുറന്ന് 4800 രൂപയും 6 ഗ്രാം തൂക്കമുള്ള സ്വർണ്ണ മോതിരവും 1000 രൂപയുടെ മൊബൈൽ റീചാർജ് കൂപ്പണും മോഷ്ടിച്ചതായി പരാതി. കടയുടമ സുരേഷ്കുമാർ കാട്ടാക്കട പൊലീസിൽ പരാതി നൽകി. കാട്ടാക്കട പൊലീസ് കേസെടുത്തു അന്വേഷണം ആരംഭിച്ചു.

ശിലാസ്ഥാപനം

കോവളം: വിഴിഞ്ഞം മത്സ്യ ഗവേഷണ കേന്ദ്രത്തിൽ പുതിയ ഓഫീസ് മന്ദിരവും ലബോറട്ടിയും ഇന്ന് രാവിലെ 9ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യും.

സിനിമ

ന്യൂ (2323244) :: FINAL DESTINATION (11.30, 2.30, 6.30, 9.30)
ശ്രീകുമാർ (2331222) :: പ്രണയം (M) (11.15, 2.30, 6.15, 9.30)
ശ്രീവിശാഖ് (2331222) :: സാൾട്ട് & പെപ്പർ (M) (11.30, 2.30, 6.30, 9.30)
ശ്രീപത്മനാഭ (2473999) :: തേജാഭായി ആൻഡ് ഫാമിലി (11.30, 2.30, 6.30, 9.30)
അജന്ത (2472825) :: വെൺശംഖുപോൽ (11.15, 2.15, 6.15, 9.15)
കൃപ (2471655) :: ആട്ടനായകൻ (11.30, 2.30, 6.15, 9.30)
സെൻട്രൽ (2462865) :: LOVE DALE (E) (11.30, 2.30, 6.30, 9.30)
കൈരളി (2332747) :: തേജാഭായി ആൻഡ് ഫാമിലി (11.30, 2.30, 6.30, 9.30)
ശ്രീ (2332747) :: കളക്ടർ (11.30, 2.30, 6.30, 9.30)
ധന്യ (2476773) :: അറബിപ്പൊന്ന് (M) (11.15, 2.30, 6.15, 9.30)
രമ്യ (2476773) :: പുലിവേഷം (M) (11.15, 2.30, 6.15, 9.30)
അതുല്യ (2475579) :: BODY GUARD (H) (11.30, 2.30, 6.30, 9.30)
അഞ്ജലി (2475579) :: മങ്കാത്ത (T) (11.30, 2.30, 6.30, 9.30)
ആതിര (2475579) :: THAT GIRL IN YELLOW BOOTS (11.30, 2.30, 6.30, 9.30)
അശ്വതി (2475579) :: ഭദ്ര (T) (11.30, 2.30, 6.30, 9.30)
കലാഭവൻ :: ചാപ്പാകുരിശ് (2.30, 6.30, 9.30)
ശ്രീബാല (2478872) :: BANDIT QUEEN (T) (4 shows)
നെടുമങ്ങാട് സൂര്യ (2802223) :: തേജാഭായി ആൻഡ് ഫാമിലി (11.30, 2.30, 6.30, 9.30)
നെടുമങ്ങാട്ശക്തി(2813259) :: രൗദ്രം (T) (11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (2812571) :: പ്രണയം (M) (11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: ബോഡിഗാർഡ് (H) (11.00, 2.30, 6.15, 9.30)
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: സലാം പൊലീസ് (T) (11.15, 3.00, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: വയലിൻ (M) (2.30, 6.30, 9.30)
തിരുവല്ലം ശ്രീനാരായണ (2381270) :: രതിനിർവേദം (2.30, 6.30, 9.30)
കളിയിക്കാവിള ശ്രീസരസ്വതി :: മൈഡിയർ കുട്ടിച്ചാത്തൻ 3D (M) (11.15, 2.15, 6.15, 9.15)
കളിയിക്കാവിള ശ്രീകാളീശ്വരി (8129860703) :: പ്രണയം (M) (11.30, 2.30, 6.30, 9.30)

ഇന്ന്

ഹോർട്ടി കോർപ്പിന്റെ ഓണം പച്ചക്കറി വിപണനമേള ഉദ്ഘാടനം : മന്ത്രി കെ.പി. മോഹനൻ, അദ്ധ്യക്ഷൻ: മന്ത്രി വി.എസ്. ശിവകുമാർ-പഴവങ്ങാടി ഹരിത സൂപ്പർ മാർക്കറ്റിൽ രാവിലെ 11ന്.

നിയമസഭാ സാമാജികർക്കുള്ള ഓറിയന്റേഷൻ പോഗ്രാം: 'എക്സിക്യൂട്ടീവ് അക്കൗണ്ടബിലിറ്റി- നിയമസഭാ സമിതികളുടെ പങ്ക്'- അദ്ധ്യക്ഷൻ : മന്ത്രി ആര്യാടൻ മുഹമ്മദ്. നിയമസഭാ ബാങ്കറ്റ് ഹാളിൽ രാവിലെ 9.30ന്. 'നിയമസഭാ പ്രവർത്തനം- മാദ്ധ്യമങ്ങളുടെ പങ്ക്'- അദ്ധ്യക്ഷൻ: മന്ത്രി ഷിബു ബേബി ജോൺ രാവിലെ 11.15ന്, 'നിയമനിർമ്മാണത്തിൽ സമൂഹത്തിന്റെ പങ്ക്' അദ്ധ്യക്ഷൻ : എ.എ. അസീസ് ഉച്ചയ്ക്ക് 2.30ന്, 'നിയമസഭയും ജനങ്ങളും' അദ്ധ്യക്ഷൻ: മന്ത്രി കെ.ബി. ഗണേശ്കുമാർ വൈകിട്ട് 3.30ന്, സമാപന അവലോകനം: സ്പീക്കർ ജി. കാർത്തികേയൻ വൈകിട്ട് 4.30ന്.

ടാൻഡം ആർട്ട് ഗാലറി ഉദ്ഘാടനം: മന്ത്രി എം.കെ. മുനീർ-സ്റ്റാച്യു- ജനറൽ ആശുപത്രി റോഡിൽ ഉച്ചയ്ക്ക് 2ന്.

ഗാന്ധിസ്മാരക നിധിയുടെ ആഭിമുഖ്യത്തിൽ വയലാ വാസുദേവൻപിള്ള അനുസ്മരണം ഉദ്ഘാടനം: മന്ത്രി കെ.സി. ജോസഫ്- തൈക്കാട് ഗാന്ധിഭവനിൽ വൈകിട്ട് 3ന്.

മദ്ദളകലാകാരൻ കലാനിലയം ബാബുവിനെ ആദരിക്കുന്ന ചടങ്ങ് - വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വൈകിട്ട് 6ന്.

'മലയാളികളുടെ സ്വർണാഭരണ ഭ്രമം'- പ്രഭാഷണം, ചർച്ച - പി.എൻ. പണിക്കർ കമ്മ്യൂണിറ്റി ഹാളിൽ വൈകിട്ട് 4ന്.

സരസ് മേള-മാഞ്ഞാലിക്കുളം മൈതാനത്ത് രാവിലെ 10 മുതൽ.

പാളയം പൊലീസ് കാർട്ടേഴ്സ് റസിഡന്റ്സ് വെൽഫെയർ അസോസിയേഷന്റെ ഓണം ഫെസ്റ്റ്. പതാക ഉയർത്തൽ- ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ രാവിലെ 8ന്.

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ പുഷ്പാഭിഷേകം രാത്രി 7.15ന്.

ഈ അനുഭവം ആർക്കും ഉണ്ടാകരുതേ...



നെടുമങ്ങാട്: "ഓർക്കാൻ പോലും ഭയപ്പെടുന്ന കാഴ്ചയായിരുന്നു അത്. തെങ്ങിൻ കുഴിയിലെ അഴുക്കുചാലിൽ മഴ നനഞ്ഞ് ഞങ്ങളുടെ പൊന്നുമോൾ. ആ കാഴ്ചയുടെ ഞെട്ടൽ ഇപ്പോഴും ഞങ്ങളെ വിട്ടു പോയിട്ടില്ല " സർണാഭരണങ്ങൾ കവർന്ന ശേഷം വീടിനു പിറകിലെ തെങ്ങിൻ തോപ്പിൽ വലിച്ചെറിയപ്പെട്ട മൂന്നുവയസ്സുകാരി അമ്മുവിന്റെ അച്ഛൻ കൃഷ്ണകുമാറും അമ്മ ഗീതയും വിങ്ങിപ്പൊട്ടുകയാണ്. തങ്ങളുടെ ദാമ്പത്യ വല്ലരിയിലെ ആദ്യത്തെ കൺമണിക്കുണ്ടായ ദുര്യോഗം ഇവരെ പാടെ തളർത്തിക്കളഞ്ഞു. പരമ്പരാഗത സ്വർണപ്പണിക്കാരായ കൃഷ്ണകുമാറിന്റെ ബന്ധു ജനങ്ങളും നടുങ്ങി നില്പാണ്.

കിടപ്പു മുറിയിൽ അച്ഛനും അമ്മയ്ക്കുമൊപ്പം ഉറങ്ങിക്കിടക്കവേയാണ് അമ്മുവിനെ ആരോ കടത്തിക്കൊണ്ടു പോയത്. രാത്രി ഒരു മണിയോളം ടി.വി കണ്ടിരുന്ന വീട്ടുകാർക്കൊപ്പം കളിചിരികളുമായി ഉണർന്നിരിക്കുകയായിരുന്നു അവൾ. ബൈക്ക് മെക്കാനിക്കായ കൃഷ്ണകുമാറിന്റെ ഇളയ സഹോദരൻ വീട്ടുമുറ്റത്ത് പണി ചെയ്യുന്നതിന്റെ തട്ടും മുട്ടും രണ്ടു മണിയോളം ഉയരുന്നുണ്ടായിരുന്നു. എല്ലാവരും ഉറക്കത്തിലേക്ക് വഴുതി വീണ് നിമിഷ നേരത്തിനകമാണ് മോഷ്ടാവ് വീട്ടിനുള്ളിൽ പ്രവേശിച്ചത്. അടുക്കള ഭാഗത്തെ വാതിൽ കുത്തിപ്പൊളിച്ച് അകത്തു കടന്ന തസ്കരൻ ഹാളിലെ ലൈറ്റ് കെടുത്തുകയായിരുന്നു ആദ്യം ചെയ്തത്. കൃഷ്ണകുമാറിന്റെ ജ്യേഷ്ഠനും കുടുംബവും കഴിയുന്ന മുറി പുറമേ നിന്ന് കുറ്റിയുമിട്ടു.

നേർത്ത മഴച്ചാറ്റലിനൊപ്പം അമ്മുവിന്റെ രോദനം ഉയരുന്നതു കേട്ട് ഗീത ഉണർന്നു നോക്കുമ്പോഴാണ് കുഞ്ഞ് അരികിൽ ഇല്ലെന്ന വിവരം അറിയുന്നത്. ഉടൻ എല്ലാവരെയും വിളിച്ചുണർത്തി സമീപ വാസികൾക്കൊപ്പം തെരച്ചിൽ നടത്തുമ്പോൾ തെങ്ങിൻകുഴിയിലെ അഴുക്കുചാലിൽ കുഞ്ഞിനെ കണ്ടെത്തുകയായിരുന്നു.ഇടുപ്പ് ഭാഗത്ത് അരഞ്ഞാണം വലിച്ചു പൊട്ടിച്ചെടുത്തതിന്റെ ചതഞ്ഞ പാടുണ്ട്. അഞ്ചരയടി പൊക്കമുള്ള മതിലിനപ്പുറത്താണ് കുഞ്ഞു കിടന്നത്. ഇവിടെനിന്നുംഇരുപതടിയോളം താഴ്ചയുള്ള വിജന പ്രദേശത്തേക്ക് സാഹസികമായി ചാടി കടന്നുകളയുകയായിരുന്നു മോഷ്ടാവ്. ഇയാളുടേതെന്നു സംശയിക്കുന്ന കാൽപ്പാടുകൾ ഇവിടെയുണ്ട്. ആറു ഗ്രാം വരുന്ന അരഞ്ഞാണം, നാലുഗ്രാം വീതമുള്ള മാല, കൊലുസ് എന്നിവാണ് കുഞ്ഞിന്റെ ദേഹത്തുണ്ടായിരുന്നത്. ഇതെല്ലാം കവർച്ച ചെയ്യപ്പെട്ടു. എന്നാൽ, കവർച്ചയായിരുന്നു ലക്ഷ്യമെങ്കിൽ ഗീതയുടെ കഴുത്തിൽ കിടന്ന ആഭരണത്തിൽ തൊടാത്തതെന്തെന്ന സംശയം ബാക്കിയാവുകയാണ്. വീടിന്റെ പിറകിലെ മതിൽ താണ്ടി കുഞ്ഞിനെ കൊണ്ടു പോയതെന്തിനെന്ന ചോദ്യവും പ്രസക്തം.

"പൊലീസും നേതാക്കളുമൊക്കെ ഇഷ്ടം പോലെ വരുന്നുണ്ട്. ആശ്വസിപ്പിക്കാൻ. പക്ഷേ, എങ്ങനെയാണ് ആശ്വസിക്കുക. ഇങ്ങനെയൊരു അനുഭവം നാളെ മറ്റൊരു വീട്ടിൽ ഉണ്ടാവില്ലെന്ന് എന്താണ് ഉറപ്പ്. ഈ സംഭവത്തിനു പിന്നിലെ ദുരൂഹത വെളിച്ചത്തു വരണം. കുറ്റക്കാരെ നിയമപരമായി ശിക്ഷിക്കണം"- കൃഷ്ണകുമാറിനും ഗീതയ്ക്കും പറയാൻ ഇത്രമാത്രം